**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2180** **09-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നഴ്സിംഗ് സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നഴ്സിംഗ് സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഡി.എച്ച്.എസ്. അനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുമതി ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | മഞ്ചേരി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന മഞ്ചേരി നഴ്സിംഗ് സ്കൂളിന് ചെരണി ടി.ബി. സെന്റർ കോമ്പൗണ്ടിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 13.03.2017 തീയതിയിലെ സ.ഉ.(ആർ.റ്റി.) നം. 643/2017/ആ.കു.വ ഉത്തരവ് പ്രകാരം 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016 ൽ മഞ്ചേരി നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച പ്ലാൻ പ്രകാരം വിസ്തീർണ്ണം 5063 ച.മീ. (അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - 2205 ച.മീ., ഹോസ്റ്റൽ ബ്ലോക്ക് 2858 ച.മീ.) ആയിരുന്നു. എന്നാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ മാർഗ്ഗരേഖ അനുസരിച്ച് പുന:സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 5063 ച.മീ-ൽ നിന്നും 7264 ച.മീ. ആയി ഉയർന്നു. (ഹോസ്റ്റൽ ബ്ലോക്ക് 3070 ച.മീ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് 4194 ച.മീ.). പുതുക്കിയ പ്ലാൻ അനുസരിച്ച് 14 കോടി രൂപയുടെ ഭരണാനുമതി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മാത്രമേ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ഹോസ്റ്റൽ ബ്ലോക്ക് കൂടി നിർമ്മിക്കുന്നതിന് അധിക തുക ആവശ്യമായി വരും. ആയതിനാൽ, ഭരണാനുമതി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ